# സ്കൂൾ മാന്വൽ
# 2025 - 26

ഗവ. എൽ. പി സ്കൂൾ
അകലക്കുന്നം

## ആമുഖം

നവകേരളമിഷന്റെ ഭാഗമായി വിദ്യാഭ്യാസസ്ഥാപനങ്ങളെ ശക്തിപ്പെടുത്തുക, സ്കൂളുകളെ അന്താരാഷ്ട്ര നിലവാരത്തിലേക്ക് ഉയർത്തുക എന്നീ ലക്ഷ്യങ്ങളോടെ കേരളസർക്കാർ നടപ്പിലാക്കുന്ന പദ്ധതിയാണ് പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞം. കുട്ടികളുടെ കഴിവുകളെ അടിസ്ഥാനമാക്കി പഠനരീതി പരിഷ്കരിക്കുന്ന സമഗ്ര വിദ്യാഭ്യാസ നവീകരണ പദ്ധതിയാണ് ഇത്. ഒന്ന് മുതൽ പന്ത്രണ്ട് വരെയുള്ള ക്ലാസുകളിലെ എല്ലാ കുട്ടികൾക്കും ഓരോ ക്ലാസിലും കൈവരിക്കേണ്ട ശേഷികളും ധാരണകളും നേടി അന്തർദേശീയ നിലവാരത്തിൽ സ്കൂൾ പഠനം പൂർത്തിയാക്കുന്നതിനുള്ള സംവിധാനം പൊതുവിദ്യാലയങ്ങളിൽ ഉറപ്പുവരുത്തുക എന്നതാണ് പദ്ധതിയുടെ പ്രധാനലക്ഷ്യം.

വിദ്യാഭ്യാസരംഗത്ത് ഇന്ന് നാം നേരിടുന്ന വെല്ലുവിളികൾ ധാരാളമുണ്ട്. സമഗ്രമായ കാഴ്ചപ്പാടും പ്രവർത്തനപദ്ധതികളും ഇതിനുവേണ്ടി വരും. ഈ ദിശയിലേക്കുള്ള ബഹുജന കൂട്ടായ്മയാണ് പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം. ഭരണകർത്താക്കളും ഭരണനിർവാഹകരും പൊതു സമൂഹവും ഒരുമിച്ചു ചേർന്ന് ഗുണമേൻമയുള്ള വിദ്യാഭ്യാസം നൽകുകയാണ് വേണ്ടത്.

# ഗവ. എൽ.പി.എസ്
# അകലക്കുന്നം

## ചരിത്രം

കോട്ടയം ജില്ലയിലെ ഏറ്റവും പഴക്കമേറിയ സ്കൂളുകളിൽ ഒന്നാണ് ഇത്. കോട്ടയം ജില്ലയിൽ മറ്റക്കരയിൽ അകലക്കുന്നം പഞ്ചായത്തിൽ 1883ൽ മറ്റക്കര പള്ളിക്കു സമീപം ആരംഭിച്ചു. ഇപ്പോൾ മറ്റക്കര മണൽ ജംഗ്ഷനിൽ സ്ഥിതി ചെയ്യുന്നു. അടച്ചുപൂട്ടൽ ഭീഷണിയെ അതിജീവിച്ചു. എസ്.എസ്.എ യുടെ പിൻബലത്തോടെ അകലക്കുന്നം പഞ്ചായത്തിന്റെയും വിവിധ സ്പോൺസർമാരുടേയും പിന്തുണയോടെ ബ്ലോക്ക്, കർട്ടൻ, കുടിവെള്ളം, ആർച്ച് ഗേറ്റ്, ഡിവിഡി പ്ലെയർ, മൈക്ക്, കോമ്പൗണ്ട് വോൾ, സ്കൂൾ ബോർഡ്, മൾട്ടിമീഡിയ റൂം, നോട്ടീസ് ബോർഡ്, നടപ്പാത ഉണ്ടാക്കൽ, റോഡ് വീതികൂട്ടൽ വാഹന സൗകര്യം ഉണ്ടാക്കി, ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തി ശിശു സൗഹൃദ വിദ്യാലയമാക്കി.

2024-25 വർഷം പ്രീപ്രൈമറി ക്ലാസുകൾ പി.ടി.എ യുടെ സഹായത്തോടെ ആരംഭിക്കുകയും, നിലവിൽ മികച്ച രീതിയിൽ പ്രവർത്തിച്ചു പോരുകയും ചെയ്യുന്നു.

# മികവ്

1999 ൽ മികച്ച സ്കൂളിന് ഉള്ള അവാർഡ് ലഭിച്ചിട്ടുണ്ട്. സ്കൂളിന്റെ തനതു പ്രവർത്തനമായ മമ മലയാളം പ്രോജക്ടിനു 2007-2008 ൽ സ്റ്റേറ്റ് എക്സലൻസ് അവാർഡ് ലഭിച്ചിട്ടുണ്ട്. 2009-2010ൽ മാലിന്യമുക്ത കേരള അവാർഡും 2 സ്റ്റാർ പദവിയും ലഭിച്ചു. 2010-11, 2012-13 വർഷങ്ങളിൽ ഉപജില്ലാതല ബെസ്റ്റ് പിടിഎ അവാർഡും ലഭിച്ചിട്ടുണ്ട്.

2024-25 ൽ കൃഷിഭവന്റെ നേതൃത്വത്തിൽ 'കുട്ടികളിൽ കൃഷിക്ക് അഭിരുചി' എന്ന പദ്ധതി നടപ്പിലാക്കുകയും വിജയകരമായി പൂർത്തിയാക്കുകയും ചെയ്തു. 2023-24, 2024-25 വർഷങ്ങളിൽ ഹരിതകേരളം മിഷന്റെ നേതൃത്വത്തിൽ നടത്തിയ നവകേരളം കർമ്മ പദ്ധതിയിൽ മികച്ച ഹരിത വിദ്യാലയത്തിനുള്ള അനുമോദന പത്രം ലഭിക്കുക ഉണ്ടായി.

അക്കാദമിക നിലവാരത്തിൽ മാത്രമല്ല കല-കായിക ഉപജില്ലാ മത്സരങ്ങളിലും ഈ സ്കൂളിലെ കുട്ടികൾ മികവ് പുലർത്തി വരുന്നു.

## ഇപ്പോഴത്തെ അവസ്ഥ

### കുട്ടികളുടെ എണ്ണം - 2025-26

| Class | STD-I | STD-II | STD-III | STD-IV | Total |
|---|---|---|---|---|---|
| Boy | 4 | 4 | 1 | 5 | 14 |
| Girl | 1 | 3 | 3 | 7 | 14 |
| Total | 5 | 7 | 4 | 12 | 28 |

**Staff**

Headmistress - 1 (Female)

Teachers - 3

PTCM - 1 (Female)

പാചകത്തൊഴിലാളി - 1

# ഭൗതികം

പഠനപ്രക്രിയകൾ ഫലപ്രദമായി പ്രയോഗിക്കുന്നതിന് പര്യാപ്തമായ ഭൗതിക സൗകര്യങ്ങൾ ഓരോ ക്ലാസിലും കുട്ടികൾക്ക് ലഭിക്കുന്നു. സ്മാർട്ട് ക്ലാസ് റൂം സൗകര്യം കുട്ടികൾക്ക് ലഭിക്കുന്നുണ്ട്. കുട്ടികളുടെ കായികപരമായ വികാസത്തിന് മൈതാന സൗകര്യം കുട്ടികൾക്ക് ലഭ്യമാകുന്നു. കുട്ടികളുടെ വിനോദത്തിനായി പാർക്ക് ഈ സ്കൂളിൽ ഒരുക്കിയിട്ടുണ്ട്. സ്മാർട്ട് ക്ലാസ് റൂം സൗകര്യം കുട്ടികൾക്ക് ലഭ്യമാകുന്നുണ്ട്. വിശാലമായ ലൈബ്രറിയും അതോടൊപ്പം ക്ലാസ് ലൈബ്രറിയും കുട്ടികളുടെ വായനയെ പരിപോഷിപ്പിക്കുന്നതിന് ഒരുക്കിയിട്ടുണ്ട്. കുട്ടികൾക്ക് ശുചിമുറി സൗകര്യം ലഭ്യമാണ്. കുട്ടികൾ ഭക്ഷണം കഴിക്കുന്നതിനായി വിസ്തൃതമായ ഊണുമുറി സൗകര്യവും കുട്ടികൾക്ക് പ്രദാനം ചെയ്തിട്ടുണ്ട്. വാട്ടർ കൂളർ കുട്ടികൾക്ക് വെള്ളം നൽകുന്നതിനായി ഒരുക്കിയിട്ടുണ്ട്. കുട്ടികൾക്കായി Modular toilet സൗകര്യം ലഭ്യമാണ്. കുട്ടികൾക്ക് ഭക്ഷണം ഒരുക്കുന്നതിനായി പാചകപ്പുര സ്കൂളിൽ നിലനിൽക്കുന്നു. അക്ഷരങ്ങളും ചിത്രങ്ങളും അക്കങ്ങളും മനസ്സിന് ഉല്ലാസം നൽകുന്ന ധാരാളം ചിത്രങ്ങളും സ്കൂൾ ഭിത്തിയിൽ ആലേഖനം ചെയ്തിരിക്കുന്നു. കൂടാതെ പഠനോപകരണങ്ങളും കളിയുപകരണങ്ങളും കുട്ടികളുടെ ആവശ്യത്തിന് ഉപയോഗിക്കുന്നു.

# പൊതു ലക്ഷ്യങ്ങൾ

വിദ്യാലയ വികസന പ്രവർത്തനങ്ങൾ സമയബന്ധിതമായി നടക്കുന്നുണ്ടോയെന്ന് കൃത്യമായി വിലയിരുത്തുകയും മാറ്റങ്ങൾ വരുത്തേണ്ടതുണ്ടെങ്കിൽ അത് ചർച്ച ചെയ്ത് നടപ്പിൽ വരുത്തുകയും ചെയ്യുക.

കുട്ടികളുടെ പാഠ്യേതര കഴിവുകൾ കൃത്യമായി കണ്ടെത്തുകയും അത് ഉപയോഗപ്പെടുത്തുകയും അത് വളർത്തിക്കൊണ്ടു വരുന്നതിനുള്ള പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്ത് നടപ്പിൽ വരുത്തുകയും ചെയ്യുക.

കുട്ടികളുടെ വായനാശേഷിയെ പരിപോഷിപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ എല്ലാവരുടെയും പങ്കാളിത്തത്തോടെ നടപ്പിലാക്കിയും നിശ്ചിത കാലയളവിൽ അത് വിലയിരുത്തുകയും ചെയ്യുക.

സമൂഹത്തെ ഉൾപ്പെടുത്തി ബോധവല്ക്കരണ ക്ലാസുകൾ സംഘടിപ്പിക്കുക. Corner PTA സംഘടിപ്പിക്കുക. പൂർവ്വവിദ്യാർത്ഥികളുടെയും നാട്ടുകാരുടെയും പിന്തുണ ഉറപ്പാക്കുക. ദിനാചരണങ്ങൾ കൃത്യമായി നടത്തുക. കുട്ടികളുടെ സന്തോഷത്തെ മുൻനിർത്തി ഓണാഘോഷം, ക്രിസ്മസ് ആഘോഷം, ഫീൽഡ് ട്രിപ്പ് തുടങ്ങിയവ എല്ലാവരുടെയും സഹകരണത്തോടെ നടപ്പിലാക്കുക.

കുട്ടികളിൽ ജൈവകൃഷിയിൽ ആഭിമുഖ്യം വളർത്തുന്നതിനായി PTA യുടെയും പൂർവ്വവിദ്യാർത്ഥികളുടെയും സഹ-

കാരണത്തോടെ പച്ചക്കറിത്തൈകൾ നടുകയും കുട്ടികളെ പങ്കെടുപ്പിക്കുകയും ചെയ്യുക.

കുട്ടികളുടെ അക്കാദമിക നിലവാരം ഓരോ മാസവും വിലയിരുത്തി നേടേണ്ട പഠനനേട്ടങ്ങൾ കൈവരിച്ചോ എന്ന് പരിശോധിക്കുകയും പിന്നോക്കം നില്ക്കുന്നവർക്ക് വേണ്ട പിന്തുണ നൽകി പഠനനേട്ടം കൈവരിക്കുന്നതിന് പ്രാപ്തരാക്കുകയും ചെയ്യുക.

വിവരസാങ്കേതിക വിദ്യ ഫലപ്രദമായി ഉപയോഗിച്ച് കുട്ടികളുടെ പഠനനിലവാരം മികവുറ്റതാക്കുക.

ലക്ഷ്യം : അടിസ്ഥാന ഭാഷാ ശേഷി വികസനം

| പ്രവർത്തനം | കാലം | ചുമതല | ക്ലാസ് | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 1) കുട്ടിക്കഥകളും പാട്ടുകളും കുട്ടികൾ ബാലസഭയിൽ അവതരിപ്പിക്കൽ | ജൂൺ - മാർച്ച് | അധ്യാപകർ | I - IV | അധ്യാപകർ PTA SRG |
| 2) വായന സാമഗ്രി നൽകൽ | ജൂൺ - ഡിസംബർ | അധ്യാപകർ | I - IV | |
| 3) ICT ഉപയോഗപ്പെടുത്തി ചിഹ്നങ്ങളും, പദങ്ങളും പ്രയോഗിക്കൽ കണ്ടെത്തൽ, കുട്ടിയെഴുത്ത് | ജൂൺ - മാർച്ച് | അധ്യാപകർ | " | PTA SRG |
| 4) വായനാമത്സരങ്ങൾ | ജൂൺ - മാർച്ച് | അധ്യാപകർ | " | |
| 5) റോൾ പ്ലേ | | | | |
| 6) സംഭാഷണങ്ങൾ | | | | |
| 7) പോസ്റ്റർ നിർമ്മാണം | ജൂൺ - മാർച്ച് | അധ്യാപകർ | " | |

## ലക്ഷ്യം : ഇംഗ്ലീഷ് ഭാഷയിലെ പ്രാവീണ്യം വർദ്ധിപ്പിക്കുക. [L·S·R·W]

| പ്രവർത്തനം | കാലം | ചുമതല | ക്ലാസ് | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| [Listening, speaking, reading, writing] | | | | അധ്യാപകർ |
| 1) കാർട്ടൂൺ പ്രദർശനം, സിനിമാപ്രദർശനം | മാസത്തിൽ ഒന്ന് | Class Teacher | | PTA SRG |
| 2, English ബാലസഭ | മാസത്തിൽ ഒന്ന് | Class Teacher | | |
| 3, English അസംബ്ലി | ആഴ്ചയിൽ ഒന്ന് | Class Teacher | 1 - 4 | // |
| 4) ക്ലാസ് ലൈബ്രറി വികസനം | ജൂൺ - മാർച്ച് | Class Teacher | | |
| 5) വാർത്താവായനാമത്സരം സംഘടിപ്പിക്കൽ | മാസത്തിൽ ഒന്ന് | Class Teacher | | |
| 6, ബാലപ്രസിദ്ധീകരണങ്ങളുടെ വായന | ജൂൺ - മാർച്ച് | Class Teacher | | |
| 7, ഇംഗ്ലീഷ് വ്യവഹാരരൂപങ്ങളാക്കി അവതരിപ്പിക്കൽ | ജൂൺ - മാർച്ച് | Class Teacher | | |

ലക്ഷ്യം : ഗണിതം ഉല്ലാസപ്രദമാക്കാം

| പ്രവർത്തനങ്ങൾ | കാലാവധി | ക്ലാസ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| * കളികളിലൂടെ [ഏണിയും പാമ്പും, ഡൊമിനോസ് കളി, കച്ചവടകളി] രസകരമാക്കുക | ജൂൺ- മാർച്ച് | I - IV | അധ്യാപകർ | SRG PTA |
| * ഒറിഗാമി രൂപങ്ങളുടെ നിർമ്മാണം പ്രദർശനം | ഒക്ടോബർ- ഡിസംബർ | I - IV | അധ്യാപകർ | SRG PTA |
| * ഒരു ദിനം ഒരു ചോദ്യം (കുസൃതി, കണക്കുകളും ഗണിത പസിലുകൾ, പാറ്റേണുകൾ നിർമ്മിക്കൽ. അവതരിപ്പിക്കൽ | ജൂൺ - മാർച്ച് | I - IV | അധ്യാപകർ | അധ്യാപകർ |
| * ഗണിത മൂല ഒരുക്കൽ (കുട്ടികൾ നിർമ്മിച്ച പഠനോപകരണങ്ങൾ പ്രദർശിപ്പിക്കൽ) | ജൂൺ- മാർച്ച് | I - IV | അധ്യാപകർ | |

ലക്ഷ്യം : ശാസ്ത്രപഠന താല്പര്യം ജനിപ്പിക്കൽ

| പ്രവർത്തനം | കാലാവധി | ക്ലാസ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| * ശാസ്ത്രമേള പ്രദർശനം | ജൂൺ-ആഗസ്റ്റ് | I - IV | അധ്യാപകർ | SRG |
| * പോസ്റ്റർ രചനാ മത്സരങ്ങൾ | ജൂൺ-മാർച്ച് | " | " | " |
| * ഫീൽഡ് ട്രിപ്പ് - കർഷകനെ അറിയുക | ആവശ്യാനുസരണം | | | |
| * അഭിമുഖം - കർഷകരുമായി | | | | |
| * പ്രകൃതി നടത്തം - ആവാസ വ്യവസ്ഥ അറിയുക | | | | |
| * ലഘു പരീക്ഷണങ്ങൾ | ജൂൺ-മാർച്ച് | | | " |
| * ഭൂപട വായന, രചന | | " | " | |
| * ശാസ്ത്ര മാഗസിൻ നിർമ്മിക്കൽ | ജൂൺ-മാർച്ച് | | | |

| ലക്ഷ്യം: സാമൂഹിക പിന്തുണ കുട്ടികൾക്ക് ഉറപ്പ് വരുത്തുക | | | | |
|---|---|---|---|---|
| പ്രവർത്തനങ്ങൾ | കാലാവധി | ക്ലാസ് | ചുമതല | സാമ്പത്തികം |
| * നമ്മുടെ നാട്ടിലെ വിവിധ സ്ഥാപനങ്ങൾ സന്ദർശിച്ച് അവിടുത്തെ പ്രവർത്തനങ്ങൾ പരിചയപ്പെടുക. | വർഷം മുഴുവൻ | I- IV | SRG, ക്ലാസ് ടീച്ചർ | PTA |
| * PTA, പൂർവ്വവിദ്യാർത്ഥികൾ എന്നിവരുടെ സഹകരണത്തോടെ ജൈവവൈവിധ്യ ഉദ്യാനം നിർമ്മിക്കുക. | Aug - Sep | I - IV | HM, SRG, All teachers | PTA |
| * പ്രദേശവാസികളുടെ മുന്നിൽ കുട്ടികളുടെ അക്കാദമിക - പാഠ്യേതര പ്രവർത്തനങ്ങൾ അവതരിപ്പിക്കുക. | Jan - March | I - IV | HM, SRG, ക്ലാസ് ടീച്ചർ | PTA |

## അക്കാദമികതലം

പൊതു വിദ്യാഭ്യാസ സംരക്ഷണയജ്ഞത്തിന്റെ ഭാഗമായി ഓരോ വിദ്യാലയവും മികവു കേന്ദ്രമാക്കി മാറുകയും വിദ്യാലയത്തെ ഭൗതികമായും അക്കാദമികമായും ഉന്നതിയിൽ എത്തിക്കുന്നതിന് വേണ്ട പ്രവർത്തനം രൂപീകരിക്കേണ്ടതും ആവശ്യമായിരുന്നു.

അതിന് PTA / M.P.TA / SMC തുടങ്ങിയ സമിതികൾക്കൊപ്പം പൂർവ്വവിദ്യാർത്ഥി സംഘടനയും വിദ്യാലയത്തെ മെച്ചപ്പെടുത്തുന്നതിന് സംഭാവനകൾ നൽകാൻ കഴിയും. സ്കൂൾ പരിധിയിലുള്ള ജനപ്രതിനിധികൾ, ക്ലബുകൾ, സാംസ്കാരിക നായകർ, വ്യക്തികൾ, രാഷ്ട്രീയ - സാമൂഹ്യപ്രസ്ഥാനങ്ങൾ എന്നിവരെ എല്ലാം ഉൾപ്പെടുന്ന വിപുലമായ വിദ്യാലയവികസന സമിതി രൂപീകരിക്കണം. നാട്ടിലെ വിദ്യാലയത്തെ മികവിന്റെ കേന്ദ്രമാക്കുക എന്ന ലക്ഷ്യത്തോടെ ചേർന്നു പ്രവർത്തിക്കാൻ എല്ലാവർക്കും കഴിയണം.

അക്കാദമിക മികവിലൂടെ വിദ്യാലയ മികവ് എന്ന ലക്ഷ്യത്തോടു ചേർന്ന് നിന്ന് പ്രവർത്തിക്കണം. അക്കാദമിക നിലവാരം മെച്ചപ്പെടുത്തി ഗുണമേൻമയുള്ള വിദ്യാഭ്യാസം ലഭിക്കുന്നു എന്ന് ഉറപ്പുവരുത്തണം,